# ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ: നജീബ്.എച്ച്)

## സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. താര.പി, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, ജില്ലാ ശുചിത്വമിഷൻ, പത്തനംതിട്ട -നെ അന്യത്രസേവന കാലാവധിയ്ക്ക് ശേഷം മാതൃവകുപ്പിൽ പുനർപ്രവേശിപ്പിച്ച് - നിയമനം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉത്തരവ് നം. 3826/എസ്റ്റാ.ബി3/2020/സിആർഡി** **തീയതി : 29/12/2020**

---

പരാമർശം :- 1. സ.ഉ.(സാധാ)നം. 2932/2019/ത.സ്വ.ഭ.വ തീയതി 23/12/2019.

2. പത്തനംതിട്ട ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ 22.12.2020 ലെ 724/2020/എ.സി/ഡി.എസ്.എം/പി.ടി.എ നമ്പർ ഉത്തരവ്.

3. ശ്രീമതി. താര.പി-യുടെ 23.12.2020 ലെ അപേക്ഷ

## ഉത്തരവ്

പത്തനംതിട്ട ജില്ല ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീമതി.താര.പി (ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ), പരാമർശം (2) പ്രകാരം ടി സേവനത്തിൽ നിന്നും വിടുതൽ ചെയ്യപ്പെട്ടിട്ടുണ്ട്. ശ്രീമതി. താര.പി, 23.12.2020 പൂർവ്വാഹ്നത്തിൽ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ശ്രീമതി. താര.പി (പെൻ 202048), അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, (ജോയിന്റ് ബിഡിഒ) ശുചിത്വമിഷൻ, പത്തനംതിട്ട-യെ ഗ്രാമവികസന വകുപ്പിൽ തിരികെ പ്രവേശിപ്പിച്ച്, നെന്മാറ ബ്ലോക്കിൽ ജോയിന്റ് ബി.ഡി.ഒ (ഇജിഎസ്) തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. ടിയാരി താമസംവിനാ നെന്മാറ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുമ്പാകെ ജോലിക്ക് ഹാജരാകേണ്ടതാണ്.

ശ്രീമതി. താര.പി, ഈ ഓഫീസിൽ ജോലിയ്ക്ക് പ്രവേശിച്ച തീയതി (23.12.2020) മുതൽ പുനർനിയമനം ലഭിക്കുന്നതിനായി നിന്ന കാലയളവ് എല്ലാ ആവശ്യങ്ങൾക്കുമുള്ള ഡ്യൂട്ടിയായി പരിഗണിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ് :- ശ്രീമതി. താര.പി, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, ശുചിത്വമിഷൻ, പത്തനംതിട്ട

പകർപ്പ് :-

1. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ) പത്തനംതിട്ട, പാലക്കാട്, കണ്ണൂർ
2. ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, നെന്മാറ, കൂത്തുപറമ്പ്
3. സി.എ.-സി.ആർ.ഡി.
4. സി.എ.-സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ.
5. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

ജൂനിയർ സൂപ്രണ്ട്

ബി.വി.